**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **06-02-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി പാർപ്പിട പുനരധിവാസ പദ്ധതിയായ പുനർഗേഹത്തിൽ ഉൾപ്പെടുത്തി എത്രപേർക്കാണ് ഇതുവരെ വീട് നൽകാൻ കഴിഞ്ഞിട്ടുള്ളതെന്നും എത്ര തുകയാണ് രൂപയാണ് ഇതിനായി ചെലവഴിച്ചതെന്നും അറിയിക്കുമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം 5435 ഗുണഭോക്താക്കൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1895 പേർ വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 1184 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 3861 കുടുംബങ്ങൾ ഭൂമി കണ്ടെത്തുകയും ആയതിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി വില നിർണ്ണയിച്ചിട്ടുമുണ്ട്. 331.5 കോടി രൂപ പുനർഗേഹം പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയിൽ ഇനിയും നടപ്പാക്കാൻ ഉള്ള പ്രോജക്ടുകൾ എന്തൊക്കെയെന്നും ഇതിന്റെ നിർവ്വഹണം സംബന്ധിച്ച ചുമതല ഏത് എജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗൃഹ നിർമാണത്തിലെ പുതിയ സാദ്ധ്യതകളും സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പുനർഗേഹം പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾ സ്വന്തം നിലയിലാണ് ഭവന നിർമ്മാണം നടത്തുന്നത്. വ്യക്തിഗത ഭവന നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് നിർമ്മാണ ഏജൻസികളുമായി ചർച്ച ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകളുടെ വിവരം

| ക്രമ നം. | ജില്ല | ലൊക്കേഷൻ | ഫ്ലാറ്റുകളുടെ എണ്ണം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 228 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ |
| 2 | മലപ്പുറം | നിറമരുതൂർ | 16 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| **ആകെ** | | | **244** | |

### പുനർഗേഹം പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ ഫ്ലാറ്റുകളുടെ വിവരം

| ക്രമ നം. | ജില്ല | ലൊക്കേഷൻ | ഫ്ലാറ്റുകളുടെ എണ്ണം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 24 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ |
| 2 | തിരുവനന്തപുരം | വലിയതുറ | 192 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| 3 | തിരുവനന്തപുരം | മുട്ടത്തറ | 400 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| 4 | മലപ്പുറം | പൊന്നാനി | 100 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| 5 | കോഴിക്കോട് | വെസ്റ്റ്ഹിൽ | 80 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ |
| 6 | കാസർഗോഡ് | കോയിപ്പാടി | 144 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| **ആകെ** | | | **940** | |

സെക്ഷൻ ഓഫീസർ